# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1664** 21/1/2014 ൽ മറുപടിയ്ക്ക്

# കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) കുട്ടനാട് പാക്കേജിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തി യാക്കുന്നതിന് 3 കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോല്പാദന കമ്മീഷണർ എന്നിവർ തലവൻമാരായ ടി കമ്മിറ്റികൾ കൃത്യമായ കാലാവധിക്ക് ‌യാഗം കൂടുകയും പദ്ധതി നടപ്പിലാക്കുന്ന വകുപ്പ് മേധാവികൾക്ക് പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് പുറമേ ബഹു. കൃഷി വകുപ്പ് മന്ത്രി യോഗങ്ങൾ കൂടി പദ്ധതികൾ അവലോകനം നടത്തി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന ഇറിഗേഷൻ വകുപ്പ് |

ഒഴികെയുള്ള വകുപ്പുകളുടെ പദ്ധതികൾ അന്തിമ ഘട്ടങ്ങളിലാണ്. ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്ന തിനുള്ള കാലതാമസവും, പദ്ധതികൾക്ക് സംസ്ഥാന- കേന്ദ്ര സർക്കാരിന്റെ സാങ്കേതിക അനുമതിയും കേന്ദ്ര ജലകമ്മീഷന്റെ അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. എന്നാൽ നിലവിൽ ഭൂരിഭാഗം പദ്ധതികളും അംഗീകാരം ലഭിച്ച് ടെണ്ടർ ചെയ്ത് വരികയാണ്. എന്നാൽ ടെണ്ടറിന് വേണ്ട വിധത്തിലുള്ള പ്രതികരണം ലഭിക്കുന്നില്ല. ഇറിഗേഷൻ വകുപ്പ് മുഖേന നാളിതുവരെ 105 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; | (സി) | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ഡിസംബർ 2013 വരെ 267.27 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകകൾ വർഷം തിരിച്ച് ലഭ്യമാക്കാമോ? | (ഡി) | 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകകൾ വർഷം തിരിച്ച് താഴെപ്പറയുന്നു. |

| | | |
|---|---|---|
| 2011-12 | - | 68.69 കോടി രൂപ |
| 2012-13 | - | 64.83 കോടി രൂപ |
| 2013-14 | - | 101.698 കോടി രൂപ |
| | | (ഡിസംബർ 2013വരെ) |

സെക്ഷൻ ഓഫീസർ